പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3400 | 19.06.2019-ലെ മറുപടിക്ക്

## കെ.റ്റി.ഡി.എഫ്.സി.യുടെ സാമ്പത്തിക പ്രതിസന്ധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അൻവർ സാദത്ത് | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും കെ.എസ്.ആർ.ടി.സി.യ്ക്ക് നൽകിയ വായ്പയിൽ എന്ത് തുക നിലവിൽ തിരിച്ച് നൽകുവാനുണ്ടെന്ന് അറിയിക്കുമോ; | (എ) | പ്രതിമാസം 9.20% പലിശ നിരക്കിലും 20 വർഷത്തെ തിരിച്ചടവ് കാലാവധിയിലും, കെ.ടി.ഡി.എഫ്.സി ഉൾപ്പെട്ട ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്നും 31.03.2018-ൽ 3100 കോടി രൂപ കെ.എസ്.ആർ.ടി.സി വായ്പ എടുത്തിരുന്നു. ടി വായ്പയിൽ, 31.05.2019 തീയതി പ്രകാരം 145 കോടി രൂപ കെ.ടി.ഡി.എഫ്.സി.ക്ക് കെ.എസ്.ആർ.ടി.സി. തിരിച്ച് നൽകുവാനുണ്ട്.<br>കെ.ടി.ഡി.എഫ്.സി.യിൽ നിന്നും കെ.എസ്.ആർ.ടി.സി. മുൻകാലങ്ങളിൽ എടുത്തിരുന്ന വായ്പകളുടെ കുടിശ്ശിക സംബന്ധിച്ച് ഇരു സ്ഥാപനങ്ങളുടേയും കണക്കുകളിൽ വ്യത്യാസം ഉള്ളതിനാൽ, ആയത് ചാർട്ടേർഡ് അക്കൗണ്ടൻസി സ്ഥാപനമായ M/s. വർമ്മ & വർമ്മ മുഖേന റീക്കൺസീലിയേറ്റ് ചെയ്യാൻ കെ.എസ്.ആർ.ടി.സി.യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൺസോർഷ്യം വായ്പ ഒഴികെയുള്ള വായ്പകളുടെ കുടിശ്ശിക സംബന്ധിച്ച് കെ.ടി.ഡി.എഫ്.സി.യുടെ കണക്കുകൾ ചുവടെ |

<table>
<tr><td></td><td></td><td></td><td>കാണാവുന്നതാണ്.
<table>
<tr><th>വായ്പാ ഇനം</th><th>മുതൽ ഇനത്തിൽ ശേഷിക്കുന്ന തുക (കോടി രൂപയിൽ)</th><th>പലിശ ഇനത്തിലെ കുടിശ്ശിക തുക (കോടി രൂപയിൽ)</th></tr>
<tr><td>ഹ്രസ്വകാല വായ്പ</td><td>332.37</td><td>26.56</td></tr>
<tr><td>ദീർഘകാല വായ്പ</td><td>121</td><td>16.17</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>കെ.റ്റി.ഡി.എഫ്.സി. നിലവിൽ കടക്കെണിയിലാണെന്നത് വസ്തുതയാണോ;</td><td rowspan="2">(ബി) യും (സി) യും</td><td rowspan="2">ഓഡിറ്റ് കണക്ക് പ്രകാരം 2017-18 സാമ്പത്തിക വർഷം കെ.ടി.ഡി.എഫ്.സി 2,40,71,360/- രൂപ ലാഭത്തിലാണ്. കെ.എസ്.ആർ.ടി.സി.ക്ക് അനുവദിച്ച വായ്പകളിലെ കുടിശ്ശിക കൃത്യമായി തിരിച്ചടയ്ക്കാത്തത് കെ.ടി.ഡി.എഫ്.സി.ക്ക് സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടാക്കിയിരുന്നു.</td></tr>
<tr><td>(സി)</td><td>കെ.എസ്.ആർ.ടി.സി.ക്ക് നൽകിയ ലോൺ തിരികെ ലഭിക്കാത്തതാണോ കെ.റ്റി.ഡി.എഫ്.സി.യെ കടക്കെണിയിലാക്കിയതെന്ന് വ്യക്തമാക്കുമോ?</td></tr>
</table>

**സെക്ഷൻ ഓഫീസർ**